പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 88

# 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 22-01-2018

<u>പതിനാലാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 88</u>

# 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ

78/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 88

# 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ

വ്യത്യസ്ത നിയമങ്ങൾ പ്രകാരം ആവശ്യമായിട്ടുള്ള വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ തുടങ്ങിയവ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള കേരള സർക്കാരിന്റെ ചില നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

<u>പീഠിക</u>.—വ്യത്യസ്ത നിയമങ്ങൾ പ്രകാരം ആവശ്യമായിട്ടുള്ള വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ തുടങ്ങിയവ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള കേരള സർക്കാരിന്റെ ചില നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>1960-ലെ 34-ാം ആക്റ്റിന്റെ ഭേദഗതി</u>.—1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റിൽ (1960-ലെ 34), 5എ വകുപ്പിൽ, (4)-ാം ഉപവകുപ്പിൽ 'നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ' എന്ന വാക്കുകൾക്ക് മുൻപായി, ''അപേക്ഷ ലഭിച്ച അതേ ദിവസം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 1980-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിൽ (1980-ലെ 20), 9-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്: —

"9എ ചുമട്ടുതൊഴിലാളികളുടെ സേവനം ഏർപ്പെടുത്തൽ: —(1) ഈ ആക്റ്റിലെ മറ്റ് ഏതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരു തൊഴിലുടമയ്ക്കും, തൊഴിലുടമയോ ഉടമസ്ഥൻ സ്വയമോ അല്ലെങ്കിൽ അയാളുടെ സ്വന്തം ജോലിക്കാരെ കൊണ്ടോ ഏതെങ്കിലും യന്ത്രസാമഗ്രി മുഖേനയോ ഏതെങ്കിലും വാഹനത്തിലേക്കോ യാനത്തിലേക്കോ മറ്റ് ഏതെങ്കിലും കണ്ടെയിനെറുകളിലേക്കോ ഏതെങ്കിലും വസ്തുക്കൾ കയറ്റുകയോ ഇറക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട ജോലികളിൽ ചുമട്ടുതൊഴിലാളികളെ ജോലിക്കായി നിയോഗിക്കണമെന്ന ബാധ്യതയില്ലാത്തതാകുന്നു.

(2) ഒരു സ്ഥാപനത്തിന്റെ തൊഴിലുടമയോ ഉടമസ്ഥനോ ചുമട്ടുതൊഴിലാളികളുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ, അവർക്ക് സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള വേതനത്തിന് അർഹതയുണ്ടാകകയുള്ളൂ.".

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടു കൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും സർക്കാർ അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ പ്രസ്തുത സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, സംസ്ഥാന നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

5. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് (2017-ലെ 35), 5-ാം വകുപ്പ് ഒഴികെ, ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് (1960-ലെ 34), 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് (1980-ലെ 20) എന്നീ ആക്റ്റുകളിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രസ്തുത ആക്റ്റുകൾക്ക് കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ്, 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ്, 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ്, 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് എന്നീ ആക്റ്റുകൾക്ക് കീഴിൽ വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ മുതലായവ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പ്രസ്തുത നിയമങ്ങൾക്ക് കീഴിൽ വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ മുതലായവ നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഭേദഗതി ചെയ്യുവാനും പ്രസ്തുത ആവശ്യത്തിലേക്കായി ഒരു നിയമനിർമ്മാണം കൊണ്ടുവരുവാനും സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് (2017-ലെ 22) 2017 ഒക്ടോബർ 20-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഒക്ടോബർ 20-ാം തീയതിയിലെ 2242-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

3. 2017 നവംബർ 9-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് (2017-ലെ 35), 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (രണ്ടാം നമ്പർ) ഓർഡിനൻസ് (2017-ലെ 36) എന്നീ ഓർഡിനൻസുകൾ 2017 ഡിസംബർ 20-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് യഥാക്രമം, 2017 ഡിസംബർ 20-ാം തീയതിയിലെ 2779, 2782 എന്നീ അസാധാരണ ഗസറ്റുകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2017-ലെ 35-ാം നമ്പർ ഓർഡിനൻസിലെ 5-ാം വകുപ്പിലെ വ്യവസ്ഥകൾ ഒഴികെയുള്ള വ്യവസ്ഥകൾക്കുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം, ഗസറ്റ് വിജ്ഞാപനംവഴി മുൻകാലപ്രാബല്യത്തോടെയോ, പിൽക്കാലപ്രാബല്യത്തോടുകൂടെയോ ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അത് നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങൾ, അവ ഉണ്ടാക്കിയശേഷം, നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.".

എ. സി. മൊയ്തീൻ

(ശരിത്തർജ്ജമ)

## 1960–ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിൽ (1960–ലെ 34) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

5എ. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ.—(1) ഓരോ സ്ഥാപനത്തിന്റെയും തൊഴിലുടമ, സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഇതിലേക്കായി വ്യക്തമാക്കാവുന്ന പ്രകാരമുള്ള അധികാരസ്ഥാനത്തിന് (ഈ അദ്ധ്യായത്തിൽ, "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാണ് പരാമർശിക്കപ്പെടുക) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള ഫീസ് സഹിതവും ആ സ്ഥാപനത്തെ സംബന്ധിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി ഒരു അപേക്ഷ നൽകേണ്ടതാണ്.

** ** ** **

(1)–ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ ക്ഷമതയുള്ള അധികാരസ്ഥാനം പ്രസ്തുത അപേക്ഷ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമാണ് എന്ന് ബോദ്ധ്യം വരുന്നപക്ഷം, സ്ഥാപനം രജിസ്റ്റർ ചെയ്യേണ്ടതും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തൊഴിലുടമയ്ക്ക് നൽകേണ്ടതും ആയത് അപ്രകാരമുള്ള സ്ഥാപനം ഈ ആക്റ്റ് പ്രകാരം യഥാവിധി രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിനുള്ള പൂർണ്ണ തെളിവായിരിക്കുന്നതുമാണ്.

** ** ** **

## 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിൽ (1980-ലെ 20) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

9. <u>ചുമട്ടുതൊഴിലാളികൾക്ക് നൽകേണ്ട വേതനം</u>.—ഓരോ തൊഴിലുടമയും അയാൾ ജോലിക്കായി നിയോഗിച്ചിട്ടുള്ള ഏതൊരു ചുമട്ടുതൊഴിലാളിക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വേതനവും, വിവിധ സ്ഥാപനങ്ങൾക്കും വിവിധ രീതിയിലുള്ള ജോലികൾക്കും നിർണ്ണയിക്കപ്പെടാവുന്ന വിവിധ വേതനവും നൽകേണ്ടതാണ്:

എന്നാൽ, ഓരോ ചുമട്ടുതൊഴിലാളിയും കൂലിയായി സ്വീകരിച്ച തുകയുടെ ടോക്കണായി ഒപ്പിട്ട ഒരു രസീത് തൊഴിലുടമയ്ക്ക് നൽകേണ്ടതാണ്.

** ** ** **